# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4233 | 17.05.2017 ൽ മറുപടിയ്ക്ക്

### ഓപ്പറേഷൻ ദുർഗ്ഗ

**ചോദ്യം**

ശ്രീ.പി.സി. ജോർജ്

(എ) വിവിധ സ്കൂളുകൾ, കോളേജുകൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ എത്തുന്ന സ്ത്രീകളെയും പെൺകുട്ടികളെയും മറ്റ് കുട്ടികളെയും പൂവാലന്മാരുടെ പിടിയിൽ നിന്നും രക്ഷിക്കുവാൻ ഉത്തർപ്രദേശിലും ഹരിയാനയിലും ഓപ്പറേഷൻ ദുർഗ്ഗയെന്ന പേരിൽ പ്രവർത്തിക്കുന്ന പോലെ കേരളത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന പൂവാല വിരുദ്ധ സ്ക്വാഡിന് രൂപം നൽകുവാൻ സർക്കാർ തയ്യാറാകുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ സംബന്ധമായി പിങ്ക് പോലീസ് പട്രോളിംഗ്, വനിതാ ഹെൽപ് ലൈൻ, ഫ്ലൈയിംഗ് സ്ക്വാഡ്, ഷാഡോ പോലീസ്, പോലീസ് സ്റ്റേഷനിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന പൂവാല വിരുദ്ധ സ്ക്വാഡിന് രൂപം നൽകുന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.